# ക്രിസ്തുവിനെ അനുഭവമാക്കുകയും, ആസ്വദിക്കുകയും, ആവിഷ്കരിക്കുകയും ചെയ്യുക (3)

ദൂത് എട്ട്

## നമ്മുടെ വിശ്വാസത്തിന്റെ കാരണഭൂതനും വിശ്വാസത്തെ തികയ്ക്കുന്നവനുമായ യേശുവിങ്കലേക്ക് നോക്കുന്നു

RM *Hymns*: ML175, ML119

തിരുവെഴുത്ത് വായന: എബ്രാ. 1:3; 12:1-2; 1 കൊരി. 9:24; 2 തെസ്സ. 3:5

എബ്രാ. 1:3 അവൻ, ദൈവതേജസ്സിന്റെ പ്രഭയും അവന്റെ സത്തയുടെ മുദ്രയും, സകലത്തെയും തന്റെ ശക്തിയുടെ വചനത്താൽ താങ്ങിനിർത്തുന്നവനും വഹിക്കുന്നവനുമായി, പാപങ്ങളുടെ ശുദ്ധീകരണം വരുത്തിയിട്ട്, ഉയരത്തിൽ മഹിമയുടെ വലത്തുഭാഗത്ത് ഇരുന്നു;

എബ്രാ. 12:1 അതുകൊണ്ട് നാമും, സാക്ഷികളുടെ ഇത്ര വലിയോരു മേഘം നമുക്കു ചുറ്റും ഉള്ളതുകൊണ്ട്, സകല ഭാരവും നമ്മെ അനായാസം കുരുക്കുന്ന പാപവും നീക്കിയിട്ട് നമുക്കു മുമ്പാകെ വച്ചിരിക്കുന്ന ഓട്ടം സഹിഷ്ണുതയോടെ ഓടുക,

എബ്രാ. 12:2 നമ്മുടെ വിശ്വാസത്തിന്റെ കാരണഭൂതനും വിശ്വാസത്തെ തികയ്ക്കുന്നവനുമായ യേശുവിങ്കലേക്ക് നോക്കിക്കൊണ്ടു തന്നെ, അവൻ തന്റെ മുമ്പാകെ വച്ച സന്തോഷം നിമിത്തം, അപമാനം കൂട്ടാക്കാതെ, ക്രൂശ് സഹിക്കുകയും ദൈവസിംഹാസനത്തിന്റെ വലത്തുഭാഗത്ത് ഇരിക്കുകയും ചെയ്തു.

1 കൊരി. 9:24 ഓട്ടക്കളത്തിൽ ഓടുന്നവർ എല്ലാം ഓടുന്നെങ്കിലും ഒരുവനേ സമ്മാനം ലഭിക്കുന്നുള്ളൂ എന്ന് നിങ്ങൾ അറിയുന്നില്ലയോ? നിങ്ങളും പ്രാപിക്കുവാൻ തക്കവണ്ണം ഓടുവിൻ.

2 തെസ്സ. 3:5 കർത്താവ് നിങ്ങളുടെ ഹൃദയങ്ങളെ ദൈവത്തിന്റെ, സ്നേഹത്തിലേക്കും ക്രിസ്തുവിന്റെ, സഹിഷ്ണുതയിലേക്കും നടത്തുമാറാകട്ടെ.

### I. “യേശുവിങ്കലേക്ക് നോക്കുന്നു”—എബ്രാ. 12:2:

A. “യേശുവിങ്കലേക്ക് നോക്കുക” എന്ന് തർജമ ചെയ്തിരിക്കുന്ന യവനപദം, മറ്റെല്ലാ വസ്തുക്കളിൽ നിന്നും തിരിഞ്ഞുകൊണ്ട്, അവിഭക്തമായ ശ്രദ്ധയോടെ നോക്കുന്നതിനെ കുറിക്കുന്നു—വാ. 2.

എബ്രാ. 12:2a നമ്മുടെ വിശ്വാസത്തിന്റെ കാരണഭൂതനും വിശ്വാസത്തെ തികയ്ക്കുന്നവനുമായ യേശുവിങ്കലേക്ക് നോക്കിക്കൊണ്ടു തന്നെ, ...

B. ഇപ്പോൾ സ്വർഗത്തിൽ ദൈവസിംഹാസനത്തിന്റെ വലത്തു ഭാഗത്തിരിക്കുന്നവനായ യേശുവിങ്കലേക്ക് നോക്കേണ്ടതിന്, എബ്രായ വിശ്വാസികൾ തങ്ങളുടെ പരിതഃസ്ഥിതിയിലെ സകല കാര്യങ്ങളിൽനിന്നും, അതായത്, തങ്ങളുടെ പഴയ മതമായ യെഹൂദമതത്തിൽനിന്നും, അതിന്റെ

ഉപദ്രത്തിൽനിന്നും, സകല ഭൗമിക കാര്യങ്ങളിൽനിന്നും നോട്ടം മാറ്റണമായിരുന്നു—1:3.

എബ്രാ. 1:3 അവൻ, ദൈവതേജസ്സിന്റെ പ്രഭയും അവന്റെ സത്തയുടെ മുദ്രയും, സകലത്തെയും തന്റെ ശക്തിയുടെ വചനത്താൽ താങ്ങിനിർത്തുന്നവനും വഹിക്കുന്നവനുമായി, പാപങ്ങളുടെ ശുദ്ധീകരണം വരുത്തിയിട്ട്, ഉയരത്തിൽ മഹിമയുടെ വലത്തുഭാഗത്ത് ഇരുന്നു;

C. സ്വർഗീയ ക്രിസ്തുവിനെ (വാ. 3) നാം ആസ്വദിക്കണമെങ്കിൽ, ഭൂമിയിലുള്ള എല്ലാ കാര്യങ്ങളിൽനിന്നും നാം അവങ്കലേക്ക് നോക്കണം.

എബ്രാ. 1:3 അവൻ, ദൈവതേജസ്സിന്റെ പ്രഭയും അവന്റെ സത്തയുടെ മുദ്രയും, സകലത്തെയും തന്റെ ശക്തിയുടെ വചനത്താൽ താങ്ങിനിർത്തുന്നവനും വഹിക്കുന്നവനുമായി, പാപങ്ങളുടെ ശുദ്ധീകരണം വരുത്തിയിട്ട്, ഉയരത്തിൽ മഹിമയുടെ വലത്തുഭാഗത്ത് ഇരുന്നു;

D. സ്വർഗത്തിൽ സിംഹാസനസ്ഥനായ, തേജസ്സും ബഹുമാനവുംകൊണ്ട് കിരീടമണിഞ്ഞ അത്ഭുതവാനായ യേശു (2:9), പ്രപഞ്ചത്തിലെ ഏറ്റവും വലിയ ആകർഷണമാണ്.

എബ്രാ. 2:9 എന്നാൽ ദൈവകൃപയാൽ അവൻ സകലത്തിനും പകരം മരണം രുചിക്കേണ്ടതിന്, മരണത്തിന്റെ കഷ്ടത നിമിത്തം ദൂതന്മാരെക്കാൾ അൽപ്പം മാത്രം താഴ്ത്തപ്പെട്ട യേശുവിനെ, മഹത്വവും ബഹുമാനവും കൊണ്ട് കിരീടമണിയിച്ചിരിക്കുന്നതായി നാം കാണുന്നു.

E. നമുക്കു മുമ്പാകെ വെച്ചിരിക്കുന്ന ഓട്ടം സഹിഷ്ണുതയോടെ ഓടേണ്ടതിന്, അവന്റെ കമനീയ സൗന്ദര്യത്താൽ ആകർഷിക്കപ്പെടുന്നതിലൂടെ നാം അവനല്ലാത്ത മറ്റെല്ലാ കാര്യങ്ങളിൽനിന്നും നോട്ടം മാറ്റുന്നു—12:1.

എബ്രാ. 12:1b ...സകല ഭാരവും നമ്മെ അനായാസം കുരുക്കുന്ന പാപവും നീക്കിയിട്ട് നമുക്കു മുമ്പാകെ വച്ചിരിക്കുന്ന ഓട്ടം സഹിഷ്ണുതയോടെ ഓടുക,

**II. ക്രിസ്തീയ ജീവിതം ഒരു ഓട്ടമാണ്; രക്ഷിക്കപ്പെട്ട ഓരോ ക്രിസ്ത്യാനിയും സമ്മാനം നേടുന്നതിനായി ഓട്ടം ഓടണം—1 കൊരി. 9:24:**

1 കൊരി. 9:24 ഓട്ടക്കളത്തിൽ ഓടുന്നവർ എല്ലാം ഓടുന്നെങ്കിലും ഒരുവനേ സമ്മാനം ലഭിക്കുന്നുള്ളൂ എന്ന് നിങ്ങൾ അറിയുന്നില്ലയോ? നിങ്ങളും പ്രാപിക്കുവാൻ തക്കവണ്ണം ഓടുവിൻ.

A. സമ്മാനം എന്നത് പൊതുവായ അർഥത്തിലുള്ള രക്ഷയല്ല, അത് പ്രത്യേക അർഥത്തിലുള്ള ഒരു പ്രതിഫലമാണ്—വാ. 24; എഫെ. 2:8-9; 1 കൊരി. 3:14-15.

1 കൊരി. 9:24 ഓട്ടക്കളത്തിൽ ഓടുന്നവർ എല്ലാം ഓടുന്നെങ്കിലും ഒരുവനേ സമ്മാനം ലഭിക്കുന്നുള്ളൂ എന്ന് നിങ്ങൾ അറിയുന്നില്ലയോ? നിങ്ങളും പ്രാപിക്കുവാൻ തക്കവണ്ണം ഓടുവിൻ.

എഫെ. 2:8 എന്തെന്നാൽ കൃപയാൽ നിങ്ങൾ വിശ്വാസം മുഖാന്തരം രക്ഷിക്കപ്പെട്ടിരിക്കുന്നു, ഇത് നിങ്ങളിൽനിന്നല്ല; ഇത് ദൈവത്തിന്റെ ഉപഹാരമാകുന്നു;

എഫെ. 2:9 ആരും പ്രശംസിക്കാതിരിക്കേണ്ടതിന് പ്രവൃത്തികളിൽനിന്നും അല്ല.

1 കൊരി. 3:14 അടിസ്ഥാനത്തിന്മേൽ പണിത ആരുടെയെങ്കിലും വേല നിലനിന്നാൽ, അവന് പ്രതിഫലം ലഭിക്കും;

1 കൊരി. 3:15 ആരുടെയെങ്കിലും വേല വെന്തുപോയാൽ, അവന് നഷ്ടമുണ്ടാകും, അവൻ രക്ഷിക്കപ്പെടും, എങ്കിലും തീയിലൂടെ എന്നപോലെയത്രേ.

B. അപ്പൊസ്തലനായ പൗലൊസ് ഓട്ടം ഓടുകയും സമ്മാനം നേടുകയും ചെയ്തു—9:26-27; ഫിലി. 3:13-14; 2 തിമൊ. 4:7-8:

1 കൊരി. 9:26 അതുകൊണ്ട് വ്യക്തമായ ലക്ഷ്യം ഇല്ലാത്തവനെപ്പോലെ അല്ല ഞാൻ ഓടുന്നത്; വായുവിനെ അടിക്കുന്നതു പോലെയല്ല ഞാൻ മുഷ്ടിയുദ്ധം ചെയ്യുന്നത്;

1 കൊരി. 9:27 എന്നാൽ മറ്റുള്ളവരോടു പ്രസംഗിച്ചശേഷം ഒരുപക്ഷേ ഞാൻതന്നെ നിരാകരിക്കപ്പെട്ടവൻ ആയിത്തീരാതിരിക്കേണ്ടതിന്, ഞാൻ എന്റെ ശരീരത്തെ പ്രഹരമേൽപ്പിച്ച് അതിനെ എന്റെ അടിമയാക്കുന്നു.

ഫിലി. 3:13 സഹോദരന്മാരേ, പിടിച്ചിരിക്കുന്നതായി ഞാൻ എന്നെത്തന്നെ എണ്ണുന്നില്ല; എന്നാൽ ഒന്ന് ഞാൻ ചെയ്യുന്നു: പിന്നിലുള്ളവയെ മറന്നുകൊണ്ടും മുന്നിലുള്ളവയ്ക്കായി മുന്നോട്ടാഞ്ഞുകൊണ്ടും,

ഫിലി. 3:14 ദൈവം ക്രിസ്തു യേശുവിൽ എന്നെ മേലേയ്ക്ക് വിളിച്ചിരിക്കുന്ന സമ്മാനത്തിനായി ലക്ഷ്യത്തിലേക്ക് പിൻപറ്റുന്നു.

2 തിമൊ. 4:7 ഞാൻ നല്ല പോർ പൊരുതി; ഓട്ടം തികച്ചു; വിശ്വാസം കാത്തു.

2 തിമൊ. 4:8 ഇനി നീതിയുടെ കിരീടം എനിക്കായി വച്ചിരിക്കുന്നു, അത് നീതിയുള്ള ന്യായാധിപനായ കർത്താവ് ആ നാളിൽ എനിക്കു പ്രതിഫലം തരും, എനിക്കു മാത്രമല്ല അവന്റെ പ്രത്യക്ഷതയെ സ്നേഹിച്ചിരിക്കുന്ന എല്ലാവർക്കും തന്നേ.

1. ഒരു ഭാരം, ഒരു ചുമട് അഥവാ പ്രതിബന്ധമാണ്; ഓട്ടം ജയിക്കുന്നതിൽ തങ്ങൾക്ക് യാതൊന്നും പ്രതിബന്ധമാകാതിരിക്കുവാൻ, ഓട്ടത്തിലെ ഓട്ടക്കാർ, അനാവശ്യ ചുമടിനെയെല്ലാം, തടസ്സപ്പെടുത്തുന്ന ഭാരത്തെയെല്ലാം ഉരിഞ്ഞുകളയുന്നു.

2. എബ്രായർ 12-ലെ അനായാസം കുരുക്കുന്നതായ നിസ്തുല പാപം വിശുദ്ധന്മാരോടുകൂടെയുള്ള കൂടിവരവ് ഉപേക്ഷിക്കുന്നതും, ദൈവത്തിന്റെ വ്യവസ്ഥയിലെ പുതിയ ഉടമ്പടിയുടെ മാർഗം വിട്ടുകളയുന്നതും, യെഹൂദമതത്തിലേക്ക് മടങ്ങിപ്പോകുന്നതുമാണ്—10:25-26.

Heb 12 be omitted.

എബ്രാ. 10:25 ചിലർക്കു പതിവുള്ളതുപോലെ, നമ്മുടെ സ്വന്ത കൂടിവരവിനെ ഉപേക്ഷിക്കാതെ അന്യോന്യം പ്രബോധിപ്പിച്ചുകൊണ്ടത്രേ; നാൾ അടുക്കുന്നു എന്ന് കാണുന്തോറും അത്യധികമായി ചെയ്യുക.

എബ്രാ. 10:26 എന്തെന്നാൽ സത്യത്തിന്റെ പരിജ്ഞാനം പ്രാപിച്ചശേഷം നാം മനഃപൂർവമായി പാപം ചെയ്യുമ്പോൾ, പാപങ്ങൾക്കുവേണ്ടി ഇനിമേൽ കാളകളുടെയും കോലാടുകളുടെയും യാഗം

ശേഷിക്കുന്നില്ല,

3. തടസ്സപ്പെടുത്തുന്ന ഭാരവും, കുരുക്കുന്ന പാപവും, യേശുവിനെ അനുഗമിക്കുക എന്ന പുതിയ ഉടമ്പടിയിൻ മാർഗത്തിൽ, സ്വർഗീയ ഓട്ടം ഓടുന്നതിൽനിന്ന് എബ്രായ വിശ്വാസികളെ തടസ്സപ്പെടുത്തുകയും പിടിച്ചു നിർത്തുകയും ചെയ്യുമായിരുന്നു.
4. ദൈവസ്നേഹത്തിലേക്കും ക്രിസ്തുവിന്റെ സഹിഷ്ണുതയിലേക്കും നമ്മുടെ ഹൃദയങ്ങളെ നയിക്കുവാൻ കർത്താവിനോട് അപേക്ഷിച്ചുകൊണ്ട്, നാം സഹിഷ്ണുതയോടെ ഓടേണ്ടതുണ്ട്—2 തെസ്സ. 3:5:

2 തെസ്സ. 3:5 കർത്താവ് നിങ്ങളുടെ ഹൃദയങ്ങളെ ദൈവത്തിന്റെ, സ്നേഹത്തിലേക്കും ക്രിസ്തുവിന്റെ, സഹിഷ്ണുതയിലേക്കും നടത്തുമാറാകട്ടെ.

a. സ്നേഹം എന്നത് ദൈവത്തോടുള്ള നമ്മുടെ സ്നേഹമാണ്, അത് നമ്മുടെ ഹൃദയങ്ങളിൽ ചൊരിയപ്പെട്ട ദൈവസ്നേഹത്തിൽനിന്ന് ഉത്ഭവിക്കുന്നു—1 യോഹ. 4:19; റോമ. 5:5.

1 യോഹ. 4:19 അവൻ ആദ്യം നമ്മെ സ്നേഹിച്ചതുകൊണ്ട് നാം സ്നേഹിക്കുന്നു.

റോമ. 5:5 പ്രത്യാശ നമ്മെ ലജ്ജിപ്പിക്കുന്നതുമില്ല, എന്തുകൊണ്ടെന്നാൽ ദൈവസ്നേഹം, നമുക്ക് നൽകിയിരിക്കുന്ന പരിശുദ്ധാത്മാവിലൂടെ നമ്മുടെ ഹൃദയങ്ങളിൽ ഒഴിച്ചിരിക്കുന്നു.

b. ഈ സഹിഷ്ണുത എന്നത്, നാം ആസ്വദിക്കുകയും അനുഭവമാക്കുകയും ചെയ്ത ക്രിസ്തുവിന്റെ സഹിഷ്ണുതയോടുകൂടെ സഹിക്കുന്നതാണ്—പ്ര.നി. വെളി. 1:9.

വെളി. 1:9 നിങ്ങളുടെ സഹോദരനും യേശുവിലുള്ള കഷ്ടതയിലും രാജ്യത്തിലും സഹിഷ്ണുതയിലും സഹപങ്കാളിയുമായ യോഹന്നാൻ എന്ന ഞാൻ, ദൈവ വചനവും യേശുവിന്റെ സാക്ഷ്യവും നിമിത്തം പത്മൊസ് എന്നു വിളിക്കപ്പെടുന്ന ദ്വീപിൽ ആയിരുന്നു.

**III. യേശു വിശ്വാസത്തിന്റെ കാരണഭൂതൻ, തുടക്കമിടുന്നവൻ, ആരംഭകൻ, സ്രോതസ്സ്, വിശ്വാസത്തിന്റെ കാരണം ആണ്—എബ്രാ. 12:2:**

എബ്രാ. 12:2a നമ്മുടെ വിശ്വാസത്തിന്റെ കാരണഭൂതനും വിശ്വാസത്തെ തികയ്ക്കുന്നവനുമായ യേശുവിങ്കലേക്ക് നോക്കിക്കൊണ്ടു തന്നെ,...

A. വിശ്വാസികളുടെ വിശ്വാസം യഥാർഥത്തിൽ അവരുടെ സ്വന്തം വിശ്വാസമല്ല, അവരുടെ വിശ്വാസമാകാൻ ക്രിസ്തു അവരിലേക്ക് പ്രവേശിക്കുന്നതാണ്—റോമ. 3:22; ഗലാ. 2:16:

റോമ. 3:22 വിശ്വസിക്കുന്നവർക്കെല്ലാം യേശു ക്രിസ്തുവിന്റെ വിശ്വാസത്തിലൂടെയുള്ള ദൈവത്തിന്റെ നീതിയെ തന്നെ, ഒരു വ്യത്യാസവുമില്ല;

ഗലാ. 2:16 ന്യായപ്രമാണത്തിന്റെ പ്രവൃത്തികളാൽ അല്ല, യേശു ക്രിസ്തുവിലുള്ള വിശ്വാസത്താലത്രേ ഒരു മനുഷ്യൻ

നീതീകരിക്കപ്പെടുന്നത് എന്നറിഞ്ഞു കൊണ്ട്, നാമും ന്യായപ്രമാണത്തിന്റെ പ്രവൃത്തികളാൽ അല്ല ക്രിസ്തുവിലുള്ള വിശ്വാസത്താൽ നീതീകരിക്കപ്പെടേണ്ടതിന് ക്രിസ്തു യേശുവിലേക്ക് വിശ്വസിച്ചു, ന്യായപ്രമാണത്തിന്റെ പ്രവൃത്തികളാൽ ഒരു ജഡവും നീതീകരിക്കപ്പെടുകയില്ലല്ലോ.

1. നമ്മുടെ വിശ്വാസം ക്രിസ്തുവിന്റെ ആകർഷണത്തോടുള്ള പ്രതികരണമായി നാം അവനെ വിലമതിക്കുന്നതാണ്—റോമ. 10:17.

   റോമ. 10:17 — അതുകൊണ്ട് വിശ്വാസം കേൾവിയിൽ നിന്നും, കേൾവി ക്രിസ്തുവിന്റെ വചനത്തിലൂടെയും വരുന്നു.

2. നമ്മുടെ സ്വാഭാവിക മനുഷ്യനിൽ നമുക്ക് വിശ്വസിക്കാനുള്ള കഴിവില്ല; നമ്മളിൽനിന്നുതന്നെ നമുക്ക് വിശ്വാസമില്ല.
3. നാം രക്ഷിക്കപ്പെടുവാൻ ഇടയായ വിശ്വാസം കർത്താവിൽനിന്ന് നമുക്ക് ലഭിച്ച വിലയേറിയ വിശ്വാസമാണ്, അത് ദൈവം പകുത്തുനൽകിയ വിശ്വാസമാണ്—2 പത്രൊ. 1:1; കൊലോ. 1:12.

   2 പത്രൊ. 1:1 — യേശു ക്രിസ്തുവിന്റെ അടിമയും അപ്പൊസ്തലനുമായ ശിമോൻ പത്രൊസ്, നമ്മുടെ ദൈവവും രക്ഷിതാവുമായ യേശു ക്രിസ്തുവിന്റെ, നീതിയിൽ, നമുക്കുള്ളതുപോലെ തുല്യമായ വിലയേറിയ വിശ്വാസം, പകുത്തുനൽകിയിരിക്കുന്നവർക്ക്:

   കൊലൊ. 1:12 — വെളിച്ചത്തിലുള്ള വിശുദ്ധന്മാർക്ക് നറുക്കിട്ടുനൽകപ്പെട്ട ഓഹരിയുടെ പങ്കിനായി നിങ്ങളെ യോഗ്യരാക്കിയ പിതാവിനെ സ്തോത്രം ചെയ്യുന്നു;

4. നാം യേശുവിങ്കലേക്ക് നോക്കുമ്പോൾ, ജീവൻ നൽകുന്ന ആത്മാവെന്ന നിലയിൽ (1 കൊരി. 15:45) അവൻ നമ്മെ അവനെക്കൊണ്ടുതന്നെ, അവന്റെ വിശ്വസിക്കുന്ന മൂലകംകൊണ്ടുതന്നെ സന്നിവേശിപ്പിക്കുന്നു.

   1 കൊരി. 15:45b — ...ഒടുക്കത്തെ ആദാം ജീവൻ-നൽകുന്ന ആത്മാവ് ആയിത്തീർന്നു.

5. ഈ വിശ്വാസം നമ്മുടേതല്ല, നമുക്ക് വേണ്ടി അവൻ വിശ്വസിക്കേണ്ടതിന് നമ്മിലേക്ക് വിശ്വസിക്കുന്ന മൂലകമായി അവനെത്തന്നെ പകർന്നു നൽകുന്നവന്റേതാണ്.

B. വിശ്വാസം എന്നത് സാരാംശീകരിക്കുവാനുള്ള കഴിവ്, അതായത്, കാണാത്തതോ പ്രത്യാശിക്കുന്നതോ ആയ കാര്യങ്ങളെ നാം സാരാംശീകരിക്കുന്ന, സാരാംശം നൽകുന്ന ഇന്ദ്രിയമായ, "ആറാം ഇന്ദ്രിയമാണ്"—എബ്രാ. 11:1:

   എബ്രാ. 11:1 — വിശ്വാസം എന്നത് പ്രത്യാശിക്കുന്ന കാര്യങ്ങളുടെ സാരാംശീകരണം, കാണാത്ത കാര്യങ്ങളുടെ ബോധ്യപ്പെടൽ ആകുന്നു.

1. ഒരു സാരാംശത്തെ യാഥാർഥ്യവൽക്കരിക്കുവാൻ നമ്മെ പ്രാപ്തരാക്കുന്ന കഴിവാണ് സാരാംശീകരണം.
2. നമ്മുടെ വ്യക്തിനിഷ്ഠ അനുഭവമായിത്തീരുവാൻ വസ്തുനിഷ്ഠമായ എല്ലാ വസ്തുക്കളെയും നമ്മിലേക്ക് കൊണ്ടുവന്ന് ബാഹ്യലോകത്തിലെ

കാര്യങ്ങളെ സാക്ഷാൽക്കരിക്കുകയാണ് നമ്മുടെ പഞ്ചേന്ദ്രിയങ്ങളുടെ പ്രവർത്തനം.

3. കണ്ണ് കാണുന്നതിനും, ചെവി കേൾക്കുന്നതിനും, മൂക്ക് മണക്കുന്നതിനും വേണ്ടിയാകുന്നതുപോലെ, നമ്മുടെ വിശ്വാസത്തിന്റെ ആത്മാവായ വിശ്വാസം, അദൃശ്യമായ ആത്മിക ലോകത്തിലെ സകലത്തെയും നമുക്ക് സാക്ഷാൽക്കരിക്കുന്ന അവയവമാണ്—2 കൊരി. 4:13:

| | |
|---|---|
| 2 കൊരി. 4:13 | "ഞാൻ വിശ്വസിച്ചു അതുകൊണ്ട് ഞാൻ സംസാരിച്ചു," എന്ന് എഴുതിയിരിക്കുന്നതുപ്രകാരം വിശ്വാസത്തിന്റെ അതേ ആത്മാവ് ഉണ്ടായിട്ട്, ഞങ്ങളും വിശ്വസിക്കുന്നു അതുകൊണ്ട് ഞങ്ങളും സംസാരിക്കുന്നു. |

   a. കർത്താവിൽനിന്ന് നാം അനുഭവമാക്കിയ കാര്യങ്ങളെ വിശ്വസിക്കുവാനും സംസാരിക്കുവാനും നമ്മുടെ വിശ്വാസത്തിന്റെ ആത്മാവിനെ, നമ്മുടെ ഇഴുകിച്ചേർന്ന ആത്മാവിനെ നാം പ്രയോഗിക്കണം.
   b. വിശ്വാസം നമ്മുടെ മനസ്സിലല്ല, പരിശുദ്ധാത്മാവുമായി ഇഴുകിച്ചേർന്ന നമ്മുടെ ആത്മാവിലാണ്; സംശയങ്ങൾ നമ്മുടെ മനസ്സിലാണ്.

4. കാണുന്നതും താൽക്കാലികവുമായ കാര്യങ്ങളെയല്ല, കാണാത്തതും നിത്യവുമായ കാര്യങ്ങളെയാണ് നാം കരുതുന്നത്—വാ. 18:

| | |
|---|---|
| 2 കൊരി. 4:18 | എന്തുകൊണ്ടെന്നാൽ ഞങ്ങൾ കാണുന്നവയെ അല്ല കാണാത്തവയെ അത്രേ കരുതുന്നത്; കാണുന്നവ താൽക്കാലികവും, കാണാത്തവ നിത്യവും ആകുന്നു. |

   a. ക്രിസ്തീയ ജീവിതം കാണാത്ത കാര്യങ്ങളുടെ ഒരു ജീവിതമാണ്—റോമ. 8:24-25; എബ്രാ. 11:27; 1 പത്രൊ. 1:8; ഗലാ. 6:10.

| | |
|---|---|
| റോമ. 8:24 | പ്രത്യാശയിലത്രേ നാം രക്ഷിക്കപ്പെട്ടത്. എന്നാൽ കാണുന്ന പ്രത്യാശ പ്രത്യാശയല്ല, താൻ കാണുന്നതിനെ ആർ പ്രത്യാശിക്കുന്നു? |
| റോമ. 8:25 | എന്നാൽ നാം കാണാത്തതിനുവേണ്ടി പ്രത്യാശിക്കുന്നു എങ്കിൽ, നാം സഹിഷ്ണുതയാൽ പ്രതീക്ഷയോടെ അതിനെ കാത്തിരിക്കുന്നു. |
| എബ്രാ. 11:27 | വിശ്വാസത്താൽ അവൻ, അദൃശ്യനായവനെ കാണുന്നവനെപ്പോലെ സ്ഥിരതപൂണ്ട്, രാജാവിന്റെ ക്രോധം ഭയപ്പെടാതെ മിസ്രയീം വിട്ടു. |
| 1 പത്രൊ. 1:8 | അവനെ കണ്ടിട്ടില്ലെങ്കിലും നിങ്ങൾ സ്നേഹിക്കുന്നു; ഇപ്പോൾ അവനെ കാണുന്നില്ലെങ്കിലും അവനിലേക്കു വിശ്വസിച്ചുകൊണ്ട്, നിങ്ങൾ അവാച്യവും തേജസ്സുനിറഞ്ഞതുമായ ആനന്ദത്തോടെ ഉല്ലസിക്കുന്നു, |

ഗലാ. 6:10 അതുകൊണ്ട് അവസരം ഉള്ളതുപോലെ നാം എല്ലാവർക്കും, വിശേഷാൽ വിശ്വാസത്തിന്റെ ഭവനക്കാർക്ക് നന്മ ചെയ്യുക.

b. കാണാത്ത കാര്യങ്ങളിൽനിന്ന് കാണുന്ന കാര്യങ്ങളിലേക്കുള്ള അധഃപതനമാണ് സഭയുടെ അധഃപതനം.
c. കാണുന്ന കാര്യങ്ങളിൽനിന്ന് കാണാത്ത കാര്യങ്ങളിലേക്ക് തന്റെ സഭയെ പ്രത്യുദ്ധരിക്കുന്നതാണ് കർത്താവിന്റെ പ്രത്യുദ്ധാരം.

5. ദൈവം ആകുന്നു എന്ന് വിശ്വസിക്കുന്നതാണ് വിശ്വാസം.
6. വിശ്വാസം കൂടാതെ ദൈവത്തെ പ്രസാദിപ്പിക്കുവാൻ, ദൈവത്തെ സന്തോഷിപ്പിക്കുവാൻ അസാധ്യമാണ്—എബ്രായർ 11:6a.

എബ്രാ. 11:6a എന്നാൽ വിശ്വാസം കൂടാതെ ദൈവത്തിനു സുപ്രസാദകരമാകുക അസാധ്യമാകുന്നു, ...

7. "ദൈവത്തിന്റെ അടുക്കൽ വരുന്നവൻ ദൈവം ആകുന്നു എന്ന്...വിശ്വസിക്കണം"—വാ. 6b:
   a. ദൈവം ആകുന്നു എന്ന് വിശ്വസിക്കുന്നത് അവൻ നമുക്ക് എല്ലാമാണെന്നും നാം ഒന്നുമല്ലെന്നും വിശ്വസിക്കുന്നതാണ്—യോഹ. 8:58; സഭാ. 1:2.

യോഹ. 8:58 യേശു അവരോട്, സത്യമായി, സത്യമായി, ഞാൻ നിങ്ങളോട് പറയുന്നു, അബ്രാഹാം ഉളവായതിനുമുമ്പേ, ഞാൻ ആകുന്നു എന്നു പറഞ്ഞു.

സഭാപ്ര. 1:2 ഹാ മായ, മായ എന്നു സഭാപ്രസംഗി പറയുന്നു; ഹാ മായ, മായ, സകലവും മായയത്രേ.

   b. ദൈവം ആകുന്നു എന്ന് വിശ്വസിക്കുന്നത് നമ്മൾ ആകുന്നില്ല എന്ന് പരോക്ഷമായി സൂചിപ്പിക്കുന്നു; അവൻ മാത്രം എല്ലാറ്റിലും ഏകനും നിസ്തുലനും ആയിരിക്കണം, നാം എല്ലാറ്റിലും ഒന്നുമല്ലാത്തവരായിരിക്കണം—എബ്രാ. 11:5.

എബ്രാ. 11:5 വിശ്വാസത്താൽ ഹാനോക്, താൻ മരണം കാണാതിരിക്കുവാൻ തക്കവണ്ണം മാറ്റപ്പെട്ടു; ദൈവം അവനെ മാറ്റിയതിനാൽ അവനെ കണ്ടില്ല. മാറ്റപ്പെടുന്നതിനു മുമ്പ് അവൻ ദൈവത്തിനു സുപ്രസാദമുള്ളവൻ എന്ന സാക്ഷ്യം പ്രാപിച്ചു.

   c. ദൈവം ആകുന്നു എന്ന് വിശ്വസിക്കുന്നത് നമ്മുടെ സ്വയത്തെ നിഷേധിക്കുകയാണ്; മുഴു പ്രപഞ്ചത്തിലും അവൻ ആകുന്നു, നമ്മളെല്ലാവരും ഒന്നുമല്ല—ലൂക്കൊ. 9:23.

ലൂക്കൊ. 9:23 പിന്നെ അവൻ എല്ലാവരോടും പറഞ്ഞു, ആരെങ്കിലും എന്റെ പിന്നാലെ വരുവാൻ ഇച്ഛിച്ചാൽ, അവൻ തന്നെത്താൻ ത്യജിച്ച്, ദിനന്തോറും തന്റെ ക്രൂശ് എടുത്ത്, എന്നെ

അനുഗമിക്കട്ടെ.

d. കർത്താവ് ഇപ്രകാരം പറയുകയായിരുന്നു, "ഞാൻ മഹാനായ ഞാൻ ആകുന്നവൻ ആകുന്നു. ഞാനാണ് ആകുന്നവൻ. ഞാൻ ആകുന്നുവെന്നും നിങ്ങൾ ആകുന്നില്ലെന്നും നിങ്ങൾ വിശ്വസിക്കണം"—പ്ര.നി. യോഹ. 8:24, 28, 58.

യോഹ. 8:24 — അതുകൊണ്ട് നിങ്ങളുടെ പാപങ്ങളിൽ നിങ്ങൾ മരിക്കും എന്നു ഞാൻ പറഞ്ഞു; ഞാൻ ആകുന്നു എന്നു നിങ്ങൾ വിശ്വസിക്കാഞ്ഞാൽ, നിങ്ങളുടെ പാപങ്ങളിൽ നിങ്ങൾ മരിക്കും.

യോഹ. 8:28 — അതുകൊണ്ട് യേശു അവരോട് പറഞ്ഞു, നിങ്ങൾ മനുഷ്യപുത്രനെ ഉയർത്തുമ്പോൾ, ഞാൻ ആകുന്നു എന്നും, എന്നിൽനിന്ന് ഞാൻ ഒന്നും ചെയ്യാതെ, എന്റെ പിതാവ് എന്നെ ഉപദേശിച്ചതുപോലെ ഞാൻ ഈ കാര്യങ്ങൾ സംസാരിക്കുന്നുവെന്നും നിങ്ങൾ അറിയും.

യോഹ. 8:58 — യേശു അവരോട്, സത്യമായി, സത്യമായി, ഞാൻ നിങ്ങളോട് പറയുന്നു, അബ്രാഹാം ഉളവായതിനുമുമ്പേ, ഞാൻ ആകുന്നു എന്നു പറഞ്ഞു.

e. ഇതാണ് വിശ്വാസം—“ഓ! ഒന്നുമില്ലാത്തതിന്റെയും ഒന്നുമല്ലാത്തതിന്റെയും, തേജസ്സിൽ ജീവനുള്ള ക്രിസ്തുവിനെ മാത്രം കാണുന്നതിന്റെയും, ഇവിടെ അവന്റെ താൽപ്പര്യങ്ങൾ ഒഴികെ മറ്റൊന്നിനും വേണ്ടി കരുതാതിരിക്കുന്നതിന്റെയും സന്തോഷം”—ജെ.എൻ. ഡാർബി.

**IV. യേശു നമ്മുടെ വിശ്വാസത്തെ തികയ്ക്കുന്നവനും, പൂർത്തീകരിക്കുന്നവനും, പൂർണമാക്കുന്നവനുമാണ്—എബ്രാ. 12:2:**

എബ്രാ. 12:2a — നമ്മുടെ വിശ്വാസത്തിന്റെ കാരണഭൂതനും വിശ്വാസത്തെ തികയ്ക്കുന്നവനുമായ യേശുവിങ്കലേക്ക് നോക്കിക്കൊണ്ടു തന്നെ, ...

A. നാം നിരന്തരം അവങ്കലേക്ക് നോക്കുമ്പോൾ, സ്വർഗീയ ഓട്ടം ഓടുന്നതിന് നമുക്ക് ആവശ്യമായ വിശ്വാസം അവൻ പൂർത്തിയാക്കുകയും പൂർണമാക്കുകയും ചെയ്യും—വാ. 1-2.

എബ്രാ. 12:1b — ...സകല ഭാരവും നമ്മെ അനായാസം കുരുക്കുന്ന പാപവും നീക്കിയിട്ട് നമുക്കു മുമ്പാകെ വച്ചിരിക്കുന്ന ഓട്ടം സഹിഷ്ണുതയോടെ ഓടുക,

എബ്രാ. 12:2a — നമ്മുടെ വിശ്വാസത്തിന്റെ കാരണഭൂതനും വിശ്വാസത്തെ തികയ്ക്കുന്നവനുമായ യേശുവിങ്കലേക്ക് നോക്കിക്കൊണ്ടു തന്നെ,...

B. നാം അവങ്കലേക്ക് നോക്കുമ്പോൾ, അവൻ താൻ ആയിരിക്കുന്നതെല്ലാംകൊണ്ട് നമ്മെ സന്നിവേശിപ്പിക്കുകയും നിവേശിപ്പിക്കുകയും ചെയ്ത്, നമുക്ക് സ്വർഗവും ജീവനും ശക്തിയും ശുശ്രൂഷിക്കുന്നു, അങ്ങനെ നമുക്ക് സ്വർഗീയ ഓട്ടം ഓടാനും ഭൂമിയിൽ സ്വർഗീയ ജീവിതം നയിക്കുവാനും കഴിയുന്നു—2 കൊരി. 3:18.

2 കൊരി. 3:18 എന്നാൽ ഞങ്ങൾ എല്ലാവരും മൂടുപടം നീങ്ങിയ മുഖത്തോടെ, കർത്താവിന്റെ തേജസ്സിനെ കണ്ണാടിപോലെ നോക്കുകയും പ്രതിബിംബിക്കുകയും ചെയ്തുകൊണ്ട്, കർത്താവായ ആത്മാവിൽ നിന്നെന്നപോലെ, തേജസ്സിൽ നിന്ന് തേജസ്സ് പ്രാപിച്ച് അതേ സ്വരൂപത്തിലേക്ക് രൂപാന്തരപ്പെടുന്നു.

C. ഗുണമേന്മയിൽ നമുക്കെല്ലാവർക്കും ഒരേ വിശ്വാസമാണുള്ളത്, എന്നാൽ നമ്മുടെ വിശ്വാസത്തിന്റെ അളവ്, ജീവനുള്ള ദൈവം നമ്മിൽ വർദ്ധിക്കേണ്ടതിന് നാം എത്രമാത്രം അവനെ ബന്ധപ്പെടുന്നു എന്നതിനെ ആശ്രയിച്ചിരിക്കുന്നു—റോമ. 12:3:

റോമ. 12:3 ഭാവിക്കേണ്ടതിന് മീതെ തന്നെത്താൻ ഭാവിക്കാതെ, സുബോധമാകുംവണ്ണം, ദൈവം ഓരോരുത്തന് വിശ്വാസത്തിന്റെ അളവ് പകുത്തുനൽകിയിരിക്കുന്നതുപോലെ ഭാവിക്കണമെന്ന് എനിക്ക് നൽകിയിരിക്കുന്ന കൃപയിലൂടെ, നിങ്ങളിൽ ഓരോരുത്തനോടും ഞാൻ പറയുന്നു.

1. പുരോഗമിക്കുന്ന ഘട്ടത്തിലുള്ള വിശ്വാസം വരുന്നത് നമ്മിലുള്ള വിശ്വാസമായ ത്രിയേക ദൈവത്തെ നാം ബന്ധപ്പെടുന്നതിലൂടെയാണ്—1 തെസ്സ. 5:17.

   1 തെസ്സ. 5:17 ഇടവിടാതെ പ്രാർഥിക്കുവിൻ,

2. അത്തരമൊരു വിശ്വാസം ലഭിക്കാനുള്ള മാർഗം അതിന്റെ ഉറവിടമായ കർത്താവിനെ, പ്രക്രിയാവിധേയനും പരിണതിപ്രാപിച്ചവനുമായ ദൈവത്തെ വിളിച്ചപേക്ഷിക്കുകയും, അവനോട് പ്രാർഥിക്കുകയും, അവന്റെ വചനം പ്രാർഥനാ വായന ചെയ്യുകയും ചെയ്യുന്നതിലൂടെ അവനെ ബന്ധപ്പെടുന്നതാണ്—എബ്രാ. 4:2, 16; റോമ. 10:12; 2 തിമൊ. 2:22; എഫെ. 6:17-18.

   എബ്രാ. 4:2 തീർച്ചയായും അവരോട് എന്നപോലെ, നമ്മോടും സദ്വർത്തമാനം അറിയിച്ചിരിക്കുന്നു; എങ്കിലും കേട്ടവരിൽ വിശ്വാസത്തോടുകൂടെ കലരാതിരുന്നിട്ട്, കേട്ട വചനം അവർക്കു പ്രയോജനം ചെയ്തില്ല.

   എബ്രാ. 4:16 അതുകൊണ്ട് കരുണ ലഭിക്കുവാനും തക്കസമയത്തേക്കുള്ള സഹായത്തിനായി കൃപ കണ്ടെത്തുവാനും നമുക്ക് ധൈര്യത്തോടെ കൃപയുടെ സിംഹാസനത്തിലേക്കു മുമ്പോട്ടുവരാം.

   റോമ. 10:12 യെഹൂദനും യവനനും തമ്മിൽ യാതൊരു വ്യത്യാസവും ഇല്ല, ഒരേ കർത്താവുതന്നെ എല്ലാവരുടെയും കർത്താവും, അവനെ വിളിച്ചപേക്ഷിക്കുന്ന എല്ലാവർക്കും സമ്പന്നനും ആകുന്നു;

   2 തിമൊ. 2:22 എന്നാൽ യൗവനമോഹങ്ങളെ വിട്ടോടി, നിർമല ഹൃദയത്തിൽ നിന്ന് കർത്താവിനെ വിളിച്ചപേക്ഷിക്കുന്നവരോടൊപ്പം നീതിയും വിശ്വാസവും സ്നേഹവും സമാധാനവും പിൻപറ്റുക.

| | |
|---|---|
| എഫെ. 6:17 | രക്ഷയുടെ ശിരസ്ത്രവും ആത്മാവിന്റെ വാളും കൈക്കൊള്ളുവിൻ, ആ ആത്മാവ് ദൈവവചനം ആകുന്നു, |
| എഫെ. 6:18 | സകല പ്രാർഥനയും അപേക്ഷയും മുഖാന്തരം, ഏത് നേരത്തും ആത്മാവിൽ പ്രാർഥിച്ചും സകല സ്ഥിരോത്സാഹത്തോടെ ഇതിനായി ജാഗരിച്ചുംകൊണ്ട്, സകല വിശുദ്ധന്മാർക്കും, |

3. നാം അവനെ ബന്ധപ്പെടുമ്പോൾ, അവൻ നമ്മുടെ ഉള്ളിൽ നിറഞ്ഞു കവിയുകയും, നമ്മുടെ ഇടയിൽ വിശ്വാസത്തിന്റെ പരസ്പരത ഉണ്ടായിരിക്കുകയും ചെയ്യുന്നു; നമ്മുടെ ഉള്ളിലുള്ള വിശ്വാസത്താൽ നാം അന്യോന്യം പ്രോത്സാഹിപ്പിക്കപ്പെടുന്നു—റോമ. 1:12; ഫിലേ. 6.

| | |
|---|---|
| റോമ. 1:12 | അതായത്, നിങ്ങളുടെയും എന്റെയും, അന്യോന്യം നമ്മിലുള്ള വിശ്വാസത്താൽ നിങ്ങളോടുകൂടെ ഞാനും നിങ്ങളുടെ ഇടയിൽ പ്രോത്സാഹിപ്പിക്കപ്പെടേണ്ടതിന് നിങ്ങളെ കാണുവാൻ ഞാൻ വാഞ്ഛിക്കുന്നു. |
| ഫിലേ. 1:5 | ക്രിസ്തുവിനായി നിന്നിലുള്ള സകല നല്ല കാര്യങ്ങളുടെയും പൂർണ പരിജ്ഞാനത്തിൽ നിന്റെ വിശ്വാസത്തിന്റെ കൂട്ടായ്മ ഫലപ്രദമാകേണ്ടതിന്. |

D. നമ്മുടെ വീണ്ടുംജനിപ്പിക്കപ്പെട്ട ആത്മാവ്, നമ്മുടെ വിശ്വാസത്തിന്റെ ആത്മാവാണ്, അതാണ് സാത്താൻ സംഘടിതവും അപഹരിക്കപ്പെട്ടതുമായ ലോകത്തെ ജയിച്ച ജയം—1 യോഹ. 5:4.

| | |
|---|---|
| 1 യോഹ. 5:4 | ദൈവത്തിൽനിന്ന്, ജനിച്ചിരിക്കുന്നതെല്ലാം ലോകത്തെ ജയിക്കുന്നു; ലോകത്തെ ജയിച്ച ജയമോ നമ്മുടെ വിശ്വാസംതന്നെ. |

E. കർത്താവിനുവേണ്ടി കഷ്ടമനുഭവിക്കുവാനും, തങ്ങളുടെ ജീവനെ അപായപ്പെടുത്തുവാനും, വിശ്വാസത്തിലുള്ള ദൈവവ്യവസ്ഥ നടപ്പാക്കുന്നതിനായി ജയാളികളായ അയയ്ക്കപ്പെട്ടവരും രക്തസാക്ഷികളും ആയിത്തീരുവാനുമായി വിശ്വാസത്തിന്റെ അത്യാവേശഭരിതവും പരിധിയില്ലാത്തതുമായ ശക്തി ആയിരങ്ങളെ പ്രചോദിപ്പിക്കുന്നു—ലൂക്കൊ. 18:8; ഫിലി. 2:30; റോമ. 16:3-4; പ്രവൃ. 20:24; 1 തിമൊ. 1:4.

| | |
|---|---|
| ലൂക്കൊ. 18:8 | ഞാൻ നിങ്ങളോടു പറയുന്നു, അവൻ വേഗത്തിൽ അവരുടെ പ്രതികാരം നടപ്പാക്കും. എന്നിരുന്നാലും, മനുഷ്യപുത്രൻ വരുമ്പോൾ ഭൂമിയിൽ വിശ്വാസം കണ്ടെത്തുമോ? |
| ഫിലി. 2:30 | എന്നോടുള്ള നിങ്ങളുടെ സേവനത്തിന്റെ കുറവ് നികത്തേണ്ടതിനാകുന്നു, തന്റെ ജീവനെ അപായപ്പെടുത്തിക്കൊണ്ട്, ക്രിസ്തുവിന്റെ വേല നിമിത്തം അവൻ മരണത്തോളം എത്തിയത്. |
| റോമ. 16:3 | ക്രിസ്തു യേശുവിലുള്ള എന്റെ കൂട്ടുവേലക്കാരായ പ്രിസ്കയെയും അക്വിലാവെയും വന്ദനം ചെയ്യുവിൻ, |
| റോമ. 16:4 | അവർ എന്റെ ജീവനുവേണ്ടി തങ്ങളുടെ സ്വന്തം കഴുത്ത് വച്ചുകൊടുത്തു, അവർക്ക് ഞാൻ മാത്രമല്ല ജാതികളുടെ സകല സഭകളും നന്ദി പറയുന്നു; |

| | |
|---|---|
| പ്രവൃ. 20:24 | എന്നാൽ എന്റെ ഓട്ടവും, ദൈവകൃപയുടെ സുവിശേഷം ഗൗരവത്തോടെ സാക്ഷ്യപ്പെടുത്തുവാൻ കർത്താവായ യേശുവിൽനിന്നു ലഭിച്ച ശുശ്രൂഷയും തികയ്ക്കേണ്ടതിന്, എന്റെ ജീവനെ എനിക്കുതന്നെ വിലയേറിയതായി ഞാൻ കരുതുന്നില്ല. |
| 1 തിമൊ. 1:4 | വിശ്വാസത്തിലുള്ള ദൈവവ്യവസ്ഥയെക്കാൾ ചോദ്യംചെയ്യലുകൾ ഉളവാക്കുന്ന കെട്ടുകഥകൾക്കും അന്തമില്ലാത്ത വംശാവലികൾക്കും ശ്രദ്ധ കൊടുക്കരുതെന്നും ആജ്ഞാപിക്കേണ്ടതിന് നീ എഫെസൊസിൽ തുടരുവാൻ ഞാൻ നിന്നെ പ്രബോധിപ്പിച്ചതു പോലെ തന്നെ. |